(എ) അനലറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ :

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) NABL അക്രഡിറ്റേഷനു വേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപയും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതിലേക്കായി consultant-നെ നിയമിക്കേണ്ടതുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 2006-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമത്തിൽ ഭക്ഷ്യസാധനങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ട അനലിറ്റിക്കൽ ലാബുകൾ NABL അക്രഡിറ്റേഷൻ നിലവാരമുള്ളതായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് NABL അക്രഡിറ്റേഷൻ നടപടിയുമായി മുന്നോട്ടുപോകുന്നത്.

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസും സർക്കാരുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കേണ്ടത്. കൂടാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും ആയത് നടപ്പാക്കുന്നതിനായി സഹായ വാഗ്ദാനം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച മാനദണ്ഡങ്ങളും തുടർ നിർദ്ദേശങ്ങളും ലഭിച്ചിട്ടില്ല.

(ഡി) NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപയും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതിലേക്കായി consultant-നെ നിയമിക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

അനലിറ്റിക്കൽ ലാബുകളിൽ ഭക്ഷ്യസാമ്പിളുകളുടെ പരിശോധന

76 (6781) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസാമ്പിളുകൾ അനലറ്റിക്കൽ ലാബിൽ ശരിയായവിധത്തിൽ പരിശോധിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് കോഴിക്കോട് അനലിറ്റിക്കൽ ലാബിലെ ഒരു ഗവൺമെന്റ് അനലിസ്റ്റിനെയും ഒരു ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിനെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. കൂടാതെ തിരുവനന്തപുരം അനലിറ്റിക്കൽ ലാബിൽനിന്ന് ലഭ്യമായ റിസൾട്ടിൽ സംശയകരമായ ചില റിപ്പോർട്ടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ലാബിൽ നടത്തിയ പരിശോധനയിൽ സംശയം ശരിയാണെന്ന് ബോധ്യപ്പെടുകയും പ്രസ്തുത സാഹചര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

പുതിയ മെഡിക്കൽ കോളേജുകൾക്കായുള്ള സമഗ്ര വികസന പദ്ധതി

77 (6782) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾക്കായി 1500 കോടി രൂപയുടെ സമഗ്രവികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഇതിനായി ഇതുവരെ ചെയ്തകാര്യങ്ങൾ അറിയിക്കാമോ ;

(സി) ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾക്കായി 1500 കോടി രൂപയുടെ സമഗ്രവികസന പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ മഞ്ചേരി മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2013-14 അദ്ധ്യയന വർഷത്തിലെ 100 സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly